# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മെഴുവേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി11/265/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/04/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മെഴുവേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി11/265/2021 തീയ്യതി: 09/04/2021

## പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്സ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ. സി.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗോപാലകൃഷ്ണകുറുപ്പ് എൻ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സേതു ആർ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. മാത്തൻ മെൽബാ സാറ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി താരാ മോഹൻ | അഗ്രിക്കൾച്ചറൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യ സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ സ്വരാജ് റസ്സൽ പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി വീണാ രാജൻ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിന്ധു ഭാസ്ക്കർ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ.നിഷ എൽ.ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 10-12-2019 |
| ഡോ.മഞ്ചു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-12-2019 | 12-03-2020 |
| ഡോ.ശ്രീദേവി നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 13-03-2020 | 31-03-2020 |
| ഡോ.കുമാരി അനിത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി ലക്ഷ്മിപ്രിയ | അസിസ്റ്റന്റ് | 01-04-2019 | 13-11-2019 |

| | | | |
|---|---|---|---|
| റ്റി.ആർ | എൻജിനീയർ | | |
| ശ്രീമതി ദീപ കൃഷ്ണൻ | അസിസ്റ്റന്റ് എൻജിനീയർ | 14-11-2019 | 31-03-2020 |
| ശ്രീമതി സുചിതാ മാത്യൂ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 04-12-2019 |
| ശ്രീമതി സബിന്നിസ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-12-2019 | 31-03-2020 |
| ഡോ.നിഷ എൻ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 18-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 20-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 20-03-2021) | 1-2 |
| 3 | സംയുക്ത പദ്ധതി- വിനിയോഗിക്കാത്ത ഗ്രാന്റും ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 20-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 24-03-2021) | 1-2-1 |
| 4 | ഡെപ്പോസിറ്റ് റീഫണ്ട്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 20-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 1-2-3 |
| 6 | ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 1-2-4 |
| 7 | അഡ്വാൻസ് നൽകിയ തുക ചെലവായി അക്കൗണ്ട് ചെയ്യുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 1-2-5 |
| 8 | നീക്കിയിരിപ്പ് തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 1-2-6 |
| 9 | സ്റ്റോക്കിന്റെ മൂല്യം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 24-03-2021) | 1-2-7 |
| 10 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ തുക കുറവ് ചെയ്തു-രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-2-8 |
| 11 | വസ്തു നികുതി-സഞ്ചയ, സാംഖ്യ സോഫ്റ്റവെയർ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 24-03-2021) | 1-2-9 |
| 12 | മാർക്കറ്റ് വരവ്-വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ കൃത്യമല്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 24-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 24-03-2021) | 1-2-9(എ) |
| 13 | സാമ്പത്തിക വിശകലനം<br>Written By: Suryaprabha P.C (Asst. Audit Officer, On 19-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-3 |
| 14 | ഫണ്ട് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 19-03-2021) | 1-4 |

| | | |
|---|---|---|
| | Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | |
| 15 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പൊതു വിഭാഗം വികസനഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 08-04-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-4-1 |
| 16 | വികസന ഫണ്ട്(എസ്.സി.പി)-32.93 ലക്ഷം രൂപ നഷ്ടപ്പെട്ടു<br>Written By: Suryaprabha P.C (Asst. Audit Officer, On 08-04-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 1-4-2 |
| 17 | പദ്ധതി അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 19-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 18-03-2021) | 1-6 |
| 19 | ക്ഷേമപദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 18-03-2021)<br>Last Updated By: Deepa S (Asst. Audit Officer, On 18-03-2021) | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Suryaprabha P.C (Asst. Audit Officer, On 20-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 20-03-2021) | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 20-03-2021)<br>Last Updated By: Rajasree.C.R (Auditor, On 20-03-2021) | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 24-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 24-03-2021) | 1-10 |
| 23 | ഉപയോഗക്രമം വ്യത്യസ്തമായ കെട്ടിടത്തിന് ഒരേ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു - വരവുനഷ്ടം<br>Written By: Rajasree.C.R (Auditor, On 20-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 21-03-2021) | 1-11 |
| 24 | തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 20-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 21-03-2021) | 1-12 |
| 25 | ഷോപ്പിംഗ് കോംപ്ളക്സ് കടമുറികൾക്ക് വാടക ഈടാക്കിയിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 18-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-13 |
| 26 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Veena C (Asst. Audit Officer, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-14 |
| 27 | ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു<br>Written By: Veena C (Asst. Audit Officer, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-15 |
| 28 | ഗ്യാസ് ക്രിമറ്റോറിയം പ്രോജക്ട് യാഥാർത്ഥ്യമായില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 21-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-16 |
| 29 | എയ്റോബിക് കംപോസ്റ്റിംഗ് യൂണിറ്റ്-ഉത്പാദിപ്പിക്കുന്ന വളം കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്താൻ നടപടിയില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 21-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 12-04-2021) | 1-17 |
| 30 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രോജക്ട് ആവിഷ്കരിച്ച് | 1-18 |

| | | |
|---|---|---|
| | മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 22-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | |
| 31 | കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാലതാമസം<br>Written By: Suryaprabha P.C (Asst. Audit Officer, On 22-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-19 |
| 32 | ഒരുമ പ്രോജക്ട്; ചെലവിന്റെ കൃത്യത ഉറപ്പാക്കാനുതകുന്ന രേഖകളില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 23-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-20 |
| 33 | പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ ദിവസവേതന ജീവനക്കാരൻ തുടരുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 23-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-21 |
| 34 | അനുബന്ധ രേഖകൾ സൂക്ഷിക്കാതെ 2017-18 വർഷത്തെ പത്രപ്പരസ്യ ചെലവ് നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 22-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-22 |
| 35 | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല<br>Written By: Rajasree.C.R (Auditor, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-23 |
| 36 | ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Rajasree.C.R (Auditor, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 23-03-2021) | 1-24 |
| 37 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Rajasree.C.R (Auditor, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-25 |
| 38 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല<br>Written By: Deepa S (Asst. Audit Officer, On 12-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-26 |
| 39 | തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 14-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-27 |
| 40 | ഷീ ഓട്ടോ പദ്ധതി (SC) -ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 14-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-28 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നീക്കിയിരിപ്പ് തുകകൾ തിരികെ ഈടാക്കിയിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 18-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-29 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ രേഖകൾ ലഭിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 22-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-30 |
| 43 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി)-പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 24-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 1-31 |
| 44 | പൊതുമരാമത്ത് പ്രവൃത്തികൾ-പദ്ധതി നിർവ്വഹണത്തിലെ | 1-32 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Veena C (Asst. Audit Officer, On 24-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 24-03-2021) | |
| 45 | അഗതി രഹിത കേരളം - പദ്ധതി അവലോകനം<br>Written By: Veena C (Asst. Audit Officer, On 19-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 08-04-2021) | 1-33 |
| 46 | ഹരിത കർമ്മസേന-പദ്ധതി അവലോകനം<br>Written By: Veena C (Asst. Audit Officer, On 21-03-2021)<br>Last Updated By: Veena C (Asst. Audit Officer, On 24-03-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികളുടെ വിശദാംശം<br>Written By: Suryaprabha P.C (Asst. Audit Officer, On 19-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 4-3 |
| 4 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 18-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 17-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 17-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 17-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 08-04-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 19-03-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 11-04-2021) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20വർഷത്തെ ബഡ്ജറ്റ് 16.02.2019 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 28.02.2019ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 6.03.2020 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 13/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 സംയുക്ത പദ്ധതി- വിനിയോഗിക്കാത്ത ഗ്രാന്റും ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B4:- സംയുക്ത പദ്ധതികൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഗ്രാന്റിന്റെ നീക്കിയിരിപ്പും(3802533) ഷെഡ്യൂൾ B17 -Treasury Special TSB(Joint Venture) അക്കൗണ്ട് നീക്കിയിരിപ്പും(3573092) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

#### 1-2-2 ഡെപ്പോസിറ്റ് റീഫണ്ട്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2019-20 വർഷം ക്യാരി ഓവർ ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം, റീഫണ്ട് ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ B7 പ്രകാരമുള്ള നീക്കിയിരുപ്പിന്റെ കൃത്യത, RP 34 പ്രകാരമുള്ള റീഫണ്ടിന്റെ കൃത്യത എന്നിവ ബോധ്യപ്പെട്ടിട്ടില്ല. ഉദാഹരണമായി ശ്രീ.ഷമീർ, ബീന ഇലക്ട്രിക്കൽസ് എന്ന വ്യക്തി Bidders Emd ഇനത്തിൽ 3000/രൂപ 118020101587/14.09.2018, 118020101588/14.09.2018 എന്നീ രസീതുകൾ പ്രകാരം ഒടുക്കിയിരുന്നു. ടി തുക വൗച്ചർ നമ്പർ 21900341/12.07.2019 പ്രകാരം റീഫണ്ട് ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ഇതുമൂലം ടി ഡെപ്പോസിറ്റുകളുടെ വിവരം 2020-21 ലേയ്ക്ക് ക്യാരി ഓവർ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. 2019-20 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ച് റീഫണ്ട് ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

#### 1-2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.
സ്ഥിര ആസ്തികളുടെ തൻവർഷ മൂല്യം നിശ്ചയിച്ചതിൽ അപാകതയുണ്ട്. ഉദാ: Drinking Water-Pipeline തൻവർഷം 2573292 രൂപ നിലവിലുണ്ടായിരുന്ന ആസ്തിയുടെ മൂല്യത്തോട് കൂട്ടിയിട്ടുണ്ട്. എന്നാൽ തൻവർഷം വാട്ടർ അതോറിറ്റിയിൽ നിന്നും 719924 രൂപയുടെ വിനിയോഗസാക്ഷ്യപത്രമാണ് ലഭിച്ചിരിക്കുന്നത്.

#### 1-2-4 ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നു

വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിയ പ്രോജക്റ്റുകളുടെ ചെലവ് Decentralised Plan Programme-ൽ ഉൾപ്പെടുത്തുന്നതിന് പകരം Administrative Expense, Operation And Maintanence എന്നീ ഷെഡ്യൂളുകളിലെ ഹെഡുകളിൽ ഉൾപ്പെടുത്തുന്നു. ഉദാഹരണത്തിന് പ്രോജക്റ്റുകളുടെ ടെണ്ടർ പരസ്യ ചാർജ് Plan Formulation, Monitoring And Evaluation (251600501) എന്ന ശീർഷകത്തിന് പകരം News Paper Advertisement Charge (220600101) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നു( വൗച്ചർ നം-21900427/07.08.2019-8211/-, 21900475/21.08.19-6569/). ഇതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനത് ചെലവുകളുടെ അക്കൗണ്ടിംഗ് കൃത്യമല്ലാതാകുകയും ഗ്യാപ് ഫണ്ട് പരിശോധന ഉൾപ്പടെയുള്ളവയുടെ കൃത്യതയെ ബാധിക്കുകയും ചെയ്യുന്നു.

#### 1-2-5 അഡ്വാൻസ് നൽകിയ തുക ചെലവായി അക്കൗണ്ട് ചെയ്യുന്നു

1)സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്യാസ് ക്രിമറ്റോറിയം എന്ന പ്രോജക്റ്റിന്റെ ഭാഗമായി

646960 രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയ്ക്ക് മുൻകൂറായി നൽകി. ഈ ചെലവ് ബി18 ഷെഡ്യൂളിൽ Advance To Implementing Agency (460500501) എന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം പ്രോജക്ട് ചെലവായി 251202701 എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു.

2)ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.-യുടെ ഗുണനിലവാരം ഉയർത്തി ഐ.എസ്.ഒ നേടൽ എന്ന മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 1204529 രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 424960 രൂപയും അനുവദിച്ചിരുന്നു. ഇതിൽ 10 ലക്ഷം രൂപ മെഡിക്കൽ ഓഫീസർ എൻ.എച്ച്.എം. മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുൻകൂർ നൽകിയിരിക്കുകയാണ്. ഈ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ചെലവ് ബി18 ഷെഡ്യൂളിൽ Advance To Implementing Agency (460500501) എന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം പ്രോജക്ട് ചെലവായി അക്കൗണ്ട് ചെയ്തു.
3) എ.ബി.സി പ്രോഗ്രാമിനായി ജില്ലാകുടുംബശ്രീ മിഷൻ കോർഡിനേറ്റർക്ക് 1 ലക്ഷം രൂപ നൽകിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ചെലവ് ബി18 ഷെഡ്യൂളിൽ Advance To Others എന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം Operation & Maintanence, RP-13 ഷെഡ്യൂളിൽ ചെലവായി അക്കൗണ്ട് ചെയ്തു

## 1-2-6 നീക്കിയിരിപ്പ് തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

1. ഷെഡ്യൂൾ B4:- 320200399 എന്ന ഹെഡിൽ 347061 രൂപ , വർഷങ്ങളായി നീക്കിയിരിപ്പ് കാണിക്കുന്നുണ്ട്. ഏതിനത്തിൽ ലഭിച്ച വരവാണെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
2. ഷെഡ്യൂൾ B4:- 320800199 എന്ന ഹെഡിൽ 495543 രൂപ നീക്കിയിരിപ്പ് 2018-19 മുതൽ കാണിച്ചിട്ടുണ്ട്. ഏതിനത്തിൽ ലഭിച്ച വരവാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-2-7 സ്റ്റോക്കിന്റെ മൂല്യം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷങ്ങളായി ഒരേ തുക തന്നെ നീക്കിയിരിപ്പ് കാണിക്കുന്നു. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

## 1-2-8 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ തുക കുറവ് ചെയ്തു-രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ B18:- Advance To KWA- തൻവർഷം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ(719924) അടിസ്ഥാനത്തിലുള്ള തുകയല്ല കറന്റ് അസ്സറ്റിൽ നിന്നും കുറവ് (2565106)ചെയ്തിരിക്കുന്നത്. ഇത്രയും തുക കുറവ് ചെയ്തതിനെ സാധൂകരിക്കുന്ന രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 1-2-9 വസ്തു നികുതി-സഞ്ചയ, സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകളും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2-9(എ) മാർക്കറ്റ് വരവ്-വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ കൃത്യമല്ല

ഷെഡ്യൂൾ I-4(B), RP-43:- മാർക്കറ്റ് വരവിന്റെ ഡിമാന്റ്, കളക്ഷൻ എന്നിവ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 15910270 |
| ഓഡിറ്റ് വർഷത്തെ വരവ് | 44072217 |
| | |

| | |
|---|---|
| ആകെ | 59982487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49118386 |
| നീക്കിയിരിപ്പ് | 10864101 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യാബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 7913000 | 7913000 | 6592945 | 1322968 | 543040 | 779928 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8602000 | 8602000 | 5023729 | 3578271 | 285748 | 3292523 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6049491 | 6049491 | 4703066 | 1346425 | 801674 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6866000 | 6866000 | 5208662 | 1657338 | 1481468 | 175870 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2030521 | 1220479 | 695437 | 525042 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| ലൈബ്രറി ഗ്രാന്റ് | 6882 | 46308 | 53190 | 20022 | 33168 | | |
| ശുചിത്വ മിഷൻ | 1793172 | 389414 | 2182586 | 1526171 | 646515 | | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 3737 | 11311231 | 11314968 | 11121946 | 193022 | | |
| ഐ.സി.ഡി.എസ്. | 692576 | 592857 | 1285433 | 412000 | 873433 | | |

ഫണ്ട് വിനിയോഗത്തിലുണ്ടായ കുറവ് മൂലം 2019-20 വർഷം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിച്ച 4773363 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പൊതു വിഭാഗം വികസനഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല

പൊതുവിഭാഗം വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിലും ലാപ്സായ തുകയിലും കുറവുണ്ടാകുകയും ചെയ്യുന്നു. സോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക/ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്ന തുക ചെലവായി സാംഖ്യ പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വികസന | യഥാർത്ഥ | സ്രോതസ്സിൽ നിന്നും | പൊതുവിഭാഗത്തിൽ | ഗ്രാന്റ് |
|---|---|---|---|---|

| ഫണ്ട് (ജനറൽ) | അലോട്ട്മെന്റ് | കുറവ് ചെയ്ത തുക | | അനുവദിച്ച അറ്റ തുക | സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | ഹഡ്കോ മുതൽ തിരിച്ചടവ് | വാട്ടർ അതോറിറ്റി കുടിശ്ശിക | | |
| ഒന്നാംഗഡു | 2637700 | | 2913 | 2634787 | 2634787 |
| രണ്ടാം ഗഡു | 2637700 | 66176 | 2913 | 2568611 | 2568611 |
| മൂന്നാം ഗഡു | 2637600 | 66177 | | 2571423 | 2571423 |
| ആകെ | 7913000 | 132353 | 5826 | 7774821 | 7774821 |

2) പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 5826 രൂപ വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ സർക്കാർ കുറവ് ചെയ്തുവെങ്കിലും ജി.ഒ പ്രോജക്ട് പ്രകാരം (പ്രോ. നം.233/2020) സുലേഖയിൽ ചെലവ് കാണിച്ചിരിക്കുന്നത് 2913 രൂപയാണ്. ഇതുമൂലം സുലേഖ പ്രകാരമുള്ള ചെലവിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും 2913 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

3) പൊതു വിഭാഗം വികസന ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു

| ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| 7913000 | 7774821 | 6592945 | 6590032 | 1322968 | 1184789 |

പരിശോധനയ്ക്കായി നൽകിയ ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-4-2 വികസന ഫണ്ട്(എസ്.സി.പി)-32.93 ലക്ഷം രൂപ നഷ്ടപ്പെട്ടു

തൻവർഷം ലഭിച്ച പ്രത്യേക ഘടക പദ്ധതി ഫണ്ടിന്റെ 58% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. സമയബന്ധിതമായി പ്രോജക്ട് നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചമൂലം വികസനഫണ്ട്(എസ്.സി.പി.)-യിൽ നിന്നും 3292523 രൂപ നഷ്ടപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | ചെലവ് | നീക്കിയിരിപ്പ് | ട്രഷറി ക്യൂവിൽ ഉൾപ്പെട്ട തുക | ലാപ്സായ തുക |
|---|---|---|---|---|
| 8602000 | 5023729 | 3578271 | 285748 | 3292523 |

ഫണ്ട് ലാപ്സാകാനിടയായ സാഹചര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 215 | 71801575 | 178 | 31138112 | 37 | 43.36% |

- കാർഷികമേഖലയിൽ സ്ഥിരം ശൈലിയിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. മേഖലയുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന നൂതനവും മാതൃകാപരവുമായ ഒരു പ്രോജക്ടു പോലും ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടില്ല. തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിട്ടില്ല.
- മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പൂർണ്ണമായി നൽകുവാൻ

കഴിഞ്ഞില്ല. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഗ്യാസ് ക്രിമറ്റോറിയം, പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ ലക്ഷ്യം പൂർത്തീകരിച്ചില്ല
- പട്ടികജാതി വികസന മേഖലയിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിക്കണമെന്ന ഗ്രാമസഭകളിലെ ആവശ്യം അവഗണിക്കപ്പെട്ടു. എൽ.വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ലൈഫ് (എസ്.സി.പി.),, ഷീഓട്ടോ എന്നീ പ്രോജക്ടുകൾക്കായി 1502000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലായില്ല.
- ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല.
- പശ്ചാത്തലമേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന പ്രവണത നിലനിൽക്കുന്നു. കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുളാണ് ഏറ്റെടുക്കുന്നത്. ആകെയുള്ള 118 മരാമത്ത് പ്രവൃത്തികളിൽ 78 എണ്ണം മാത്രമാണ് തൻവർഷം പൂർത്തീകരിക്കുവാൻ സാധിച്ചത്. ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി 1025000 രൂപ അടങ്കലുള്ള പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല
- ലഭ്യമാകുന്ന വിഭവസ്രോതസുകൾ കൃത്യമായി നിർണയിക്കാതെ വകയിരുത്തൽ നടത്തിയത് ചെലവുശതമാനം പിന്നോട്ടുപോകാൻ ഇടവരുത്തി. (ഉദാ. ജില്ലാപഞ്ചായത്ത് വിഹിതം:- വകയിരുത്തൽ/ ചെലവ്-2588533/ 2,00,000)

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3737 | 698136 | 701873 | 508851 | 193022 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10365095 | 10365095 | 10365095 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 248000 | 248000 | 248000 | 0 |
| ആകെ | 3737 | 11311231 | 11314968 | 11121946 | 193022 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 190 | 784800 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1083 | 3943200 |
| വിധവാ പെൻഷൻ | 539 | 1891200 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 26 | 106200 |
| വികലാംഗ പെൻഷൻ | 168 | 594000 |
| തൊഴിൽ രഹിത വേതനം | 11 | 26880 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-03-2021, 03.45 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 82361 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ട നിലയിലാണുള്ളതെന്ന് പരിശോധനയിൽ

ബോദ്ധ്യപ്പെട്ടു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. ഫയലുകളുടെ സ്റ്റാറ്റസ് അറിയുന്നതിന് ടച്ച് സ്ക്രീൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തനരഹിതമാണ്.

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് കൃത്യമായി ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗങ്ങൾ എന്നിവയെല്ലാം കൃത്യമായി ചേരുകയും നടപടികളുടെ മിനിറ്റ്സുകൾ ശരിയായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ചെലവുകളുടെ വൗച്ചറുകളും അനുബന്ധരേഖകളും നന്നായി സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മാസാന്ത്യ വരവു ചെലവു കണക്കുകൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നികുതി നിർദ്ദേശങ്ങൾ ഒന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ ഉയർന്നു വന്നിട്ടില്ല. സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ് മിനിട്ട്സ് തയ്യാറാക്കി സൂക്ഷിച്ചുവരുന്നത്. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്യുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, സ്യൂട്ട് രജിസ്റ്റർ, ലേല രജിസ്റ്റർ ,ലോൺ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചാണ് നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിലും പ്രോക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പ്- ഇൻഫൊർമേഷൻ കേരള മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ് വെയറാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നത്. നിലവിൽ തപാലുകളുടെ കൈമാറ്റം ഈ സോഫ്റ്റ്വെയർ മുഖേന ആയതിനാൽ ജീവനക്കാർ പ്രത്യേകം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 2017-18 വരെയും പെർഫോർമൻസ് ഓഡിറ്റ് 10/2019 വരെയും നടന്നിട്ടുണ്ട്.

## 1-11 ഉപയോഗക്രമം വ്യത്യസ്തമായ കെട്ടിടത്തിന് ഒരേ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു - വരവുനഷ്ടം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2019-20 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കിയ ഭഗവത് വീട്ടിൽ ശ്രീ. വിശ്വംഭരൻ എന്നയാളുടെ 1507.28 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് A2-സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഉപയോഗക്രമത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചത്. എന്നാൽ ടിയാൻ പെർമിറ്റിനായി നൽകിയ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറും ഫസ്റ്റ് ഫ്ലോറും റെസ്റ്റോറന്റ് എന്ന ഉപയോഗത്തിനായിട്ടാണ് പ്ലാനിൽ കാണിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിലും ഗ്രൗണ്ട് ഫ്ലോറും ഫസ്റ്റ് ഫ്ലോറും റെസ്റ്റോറന്റിനും സെക്കന്റ് ഫ്ലോർ ലോഡ്ജിംഗിനായിട്ടുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടം ഒന്നാകെ A2-സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഉപയോഗക്രമത്തിൽ അടിസ്ഥാന വസ്തു നികുതി 40 രൂപ ക്രമത്തിലാണ് ഈടാക്കിയത്. പഞ്ചായത്തിൽ നിന്നും M5-4705/2019-20-192തീയതി 06.01.2020 നമ്പർ പ്രകാരം കെട്ടിടത്തിന് റസ്റ്റോറന്റ്, ലോഡ്ജ്, ഓഡിറ്റോറിയം എന്നിവ നടത്തുന്നതിനുള്ള ലൈസൻസും ലഭ്യമായിട്ടുണ്ട്. റെസ്റ്റോറന്റിനായി ഉപയോഗിച്ചിരിക്കുന്ന കെട്ടിട ഭാഗത്തിന് 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഈടാക്കേണ്ടിയിരുന്നതിനാൽ വരവു നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം=1507.28 ച.മീ.

ഗ്രൗണ്ട് ഫ്ലോർ - 484.26ച.മീ.

ഫസ്റ്റ് ഫ്ലോർ - 484.26ച.മീ.

സെക്കന്റ് ഫ്ലോർ- 484.26ച.മീ.

റൂഫ് ടോപ് ഫ്ലോർ - 54.50 ച.മീ.

| | |
|---|---|
| നിർണ്ണയിച്ച വസ്തുനികുതി | 1507.28*40 = 60291.2 |
| | |

| | |
|---|---|
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 968.52*60 = 58111.2<br>538.76*40 = 21550.4<br>ആകെ = 79662 |
| വ്യത്യാസം | 19370 |

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ അതതു കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതുമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (26/19.03.3021) ടി കെട്ടിടത്തിന്റെ റസ്റ്റോറന്റിനായി ഉപയോഗിച്ചിരിക്കുന്ന ഭാഗത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടമായ തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-12 തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു</u>

തൊഴിൽനികുതിയുടെ തൻവർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | കുരിയാനിപ്പള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | I,II |
| 2. | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I,II |
| 3. | പഞ്ചായത്തു പരിധിയിലെ കരാറുകാർ | I,II |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 10റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-13 ഷോപ്പിംഗ് കോംപ്ളക്സ് കടമുറികൾക്ക് വാടക ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് വക ഇലവുംതിട്ട ഷോപ്പിംഗ്കോംപ്ലക്സിലെ രണ്ട് കടമുറികളുടെ വാടക 2019-20 വർഷം ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേരും മേൽവിലാസവും | നടത്തുന്ന വ്യാപാരം | അടവാക്കേണ്ട വാടക (ജി.എസ്.റ്റി. ഉൾപ്പെടെ) |
|---|---|---|
| സുജ സജീവ്<br>ഒറ്റപ്ലാവുനിൽക്കുന്നതിൽ<br>മുട്ടത്തുകോണം | ഇറച്ചി സ്റ്റാൾ<br>8/505 A | RENT-1390x12=16680<br>GST-250x12=3000<br>TOTAL-19680 |
| സുജ സജീവ്<br>ഒറ്റപ്ലാവു നിൽക്കുന്നതിൽ<br>മുട്ടത്തുകോണം | പച്ചക്കറി സ്റ്റാൾ<br>8/505 B | RENT-1390x12=16680<br>GST-250x12=3000<br>TOTAL-19680 |

| | | |
|---|---|---|
| ആകെ | | 39360 |

മേൽ സൂചിപ്പിച്ച വ്യക്തിയിൽ നിന്നും വാടക ഈടാക്കാതിരുന്നതിന് കാരണം അന്വേഷിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/16.03.21) കോവിഡ് കാരണം വ്യാപാരമേഖലയിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനാലാണ് തുക അടയ്ക്കാൻ കഴിയാതിരുന്നതെന്നും 2021 മാർച്ച് മാസം തുക അടയ്ക്കുന്നതാണെന്നും ടിയാൾ അറിയിച്ചതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

കടമുറികളുടെ വാടക (പിഴപ്പലിശ ഉൾപ്പടെ ഈടാക്കിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരിലേക്കും അടവാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 232ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികാൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമായി.

1. റേഷൻ റീട്ടെയിൽ ഷോപ്പ്- 5 എണ്ണം
2. ക്ഷീരോൽപ്പാദക സഹകരണ സംഘം- 3എണ്ണം

നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം.സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (നം. കെ.എസ്.എ.പി.റ്റി.എ.പി.11/589/19 തീയതി:25.07.2019) ഈ വിഷയം പ്രതിപാദിച്ചിരുന്നെങ്കിലും ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമായിരുന്ന നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിഗണിക്കാത്തത് ഉചിതമായില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232 ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്.

എന്നാൽ ഇതിന് വിരുദ്ധമായി പഞ്ചായത്ത് പരിധിയിൽ കന്നുകാലി ഫാമുകളും പൗൾട്രി ഫാമുകളും 3എണ്ണം വീതം പ്രവർത്തിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (നം. കെ.എസ്.എ.പി.റ്റി.എ.പി.11/589/19 തീയതി:25.07.2019) പരാമർശിച്ചിരുന്ന ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന (8/16.03.21) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫാമുകളിൽ സംരക്ഷിക്കപ്പെടുന്ന പക്ഷികളുടെ/മൃഗങ്ങളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-16 ഗ്യാസ് ക്രിമറ്റോറിയം പ്രോജക്ട് യാഥാർത്ഥ്യമായില്ല

സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കുന്നതിനും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും മുൻപ് ഗ്യാസ് ക്രിമറ്റോറിയം(ഫർണ്ണസും മറ്റ് അനുബന്ധ ഉപകരണങ്ങളും) സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നിർവ്വഹണ ഏജൻസിയ്ക്ക് 11 ലക്ഷം രൂപ മുൻകൂറായി നൽകി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഗ്യാസ് ക്രിമറ്റോറിയം (80/2020 ) എന്ന ബഹുവർഷ പ്രോജക്ടിന്റെ ഭാഗമായി തൻ വർഷം ബ്ലോക്ക് വിഹിതത്തിൽ നിന്നും 646960 രൂപയും പൊതുവിഭാഗം

വികസന ഫണ്ടിൽ നിന്നും 453040 രൂപയും വകയിരുത്തി അംഗീകാരം വാങ്ങി. പഞ്ചായത്ത് ഭരണസമിതിയുടെ 27/02/2020-ലെ 3(2) നമ്പർ തീരുമാന പ്രകാരം റെയിഡ്കോയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തു. സ.ഉ(സാധാ.) നം.2834/2019/തസ്വഭവ തീ.12/12/2019 പ്രകാരം ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്, കണ്ണൂർ (റെയ്ഡ്കോ)എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. പദ്ധതിയ്ക്കായി 5ാം വാർഡിലെ നെതേലിമൂട് എന്ന സ്ഥലം (സർവ്വേ നം-7/2/1-1) നിശ്ചയിക്കുകയും സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ റെയ്ഡ്കോ 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനായി 17/03/2020-ന് കത്ത് നൽകിയിരുന്നെങ്കിലും കോവിഡ് പ്രതിസന്ധിമൂലം മുദ്രപത്രക്ഷാമം ഉണ്ടായതിനാൽ 24/08/2020-നാണ് എഗ്രിമെന്റ് വയ്ക്കാനായത്. റെയ്ഡ്കോയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ബ്ലോക്ക് വിഹിതം | 646960 | (1672877/24.03.2020) |
| വികസന ഫണ്ട്(ജനറൽ) | 453040 | Q-Bill<br>8/11.04.2020 |
| | 11,00,000 | |

പ്രോജക്റ്റ് പരിശോധനയുടെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/18.03.2021) നൽകിയ മറുപടി പ്രകാരവും വ്യക്തമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയ്ക്കായി കണ്ടെത്തിയത് 5ാം വാർഡിലെ 7/2/1-1 സർവ്വെ നമ്പരിൽപ്പെട്ട ഒരു ഏക്കർ സർക്കാർ ഭൂമിയാണ്. ഈ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. എന്നാൽ സർക്കാർ അനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
2. 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യുന്നതിനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് മുൻകൂർ അനുവാദത്തിനുള്ള പഞ്ചായത്തിന്റെ അപേക്ഷ ജില്ലാമെഡിക്കൽ ഓഫീസറുടെ അഭിപ്രായം സഹിതം ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല. ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല.
3. എഗ്രിമെന്റ് പ്രകാരം ഫർണസ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിച്ച് , 7KW ത്രീഫേസേ കണക്ഷൻ. വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കി ആറ് മാസത്തിനകം നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗ്യാസ് ക്രിമറ്റോറിയം സപ്ലെ ചെയ്ത് സ്ഥാപിച്ചു നൽകുന്നതാണ്. ഫർണ്ണസ് സ്ഥാപിക്കുന്നതിന് റെയ്ഡ്കോയ്ക്ക് തുക കൈമാറിയതിന് ശേഷമാണ് കെട്ടിടം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷം 2401000 രൂപ വകയിരുത്തി 257/21 നമ്പർ പ്രോജക്റ്റ് ആവിഷ്കരിച്ചത്. സ്ഥലവാസികളായ രണ്ട് വ്യക്തികൾ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനെതിരേ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്ന വിഷയം 5ാം വാർഡ് ഗ്രാമസഭയിൽ ചർച്ച ചെയ്തതായും കാണുന്നില്ല.
4. ശുചിത്വമിഷനിൽ നിന്ന് കെട്ടിടത്തിന്റെ പ്ലാനും മറ്റ് വിശദാംശങ്ങളും ലഭിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന വകുപ്പ് എന്നിവയുടെ അംഗീകാരം വാങ്ങിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിയും വാങ്ങേണ്ടതുണ്ട്.
5. ഈ ചെലവിന്റെ അക്കൗണ്ടിംഗും കൃത്യമല്ല. നിർവ്വഹണ ഏജൻസിയ്ക്ക് അഡ്വാൻസ് നൽകിയത് ബി 8 ഷെഡ്യൂളിൽ Advance To Others-460509901 എന്ന ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം 251202701എന്ന ഹെഡിൽ പ്ലാൻ ചെലവായി അക്കൗണ്ട് ചെയ്തു.

സർക്കാർ വക സ്ഥലം അനുയോജ്യമായമായതിനാലാണ് പദ്ധതി അംഗീകാരം വാങ്ങി കരാറിൽ ഏർപ്പെട്ടത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെയും ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള ഫണ്ട് കൈമാറിയതുമൂലം 11 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയിൽ മുടങ്ങിക്കിടക്കുകയാണ്. മാത്രമല്ല എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യവുമുണ്ടായി. ഗ്യാസ് ക്രിമറ്റോറിയം അനിവാര്യമായതിനാലാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി പ്രോജക്റ്റിന് അംഗീകാരം നൽകിയത് എന്നതിനാൽ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു

## 1-17 എയ്റോബിക് കംപോസ്റ്റിംഗ് യൂണിറ്റ്-ഉത്പാദിപ്പിക്കുന്ന വളം കാർഷിക മേഖലയിൽ

## ഉപയോഗപ്പെടുത്താൻ നടപടിയില്ല

ഗ്രാമപഞ്ചായത്തിലെ ഇലവുംതിട്ട മാർക്കറ്റിൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 7.73ലക്ഷം രൂപ ചെലവഴിച്ച് ഒരു എയറോബിക് കംപോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 85/17 | എയറോബിക് യാർഡ് പുനരുദ്ധാരണം | 247702 |
| 138/17 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം | 481369 |
| 150/17 | എയറോബിക് പ്ലാന്റ് ഇലക്ട്രിഫിക്കേഷൻ | 44000 |
| ആകെ | | 773071 |

ഒരു ജീവനക്കാരനെ ദിവസം 250 രൂപ വേതനത്തിൽ നിയമിച്ചാണ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. 2016-17 സാമ്പത്തിക വർഷം ആരംഭിച്ചുവെങ്കിലും പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചത് 2019-20 സാമ്പത്തിക വർഷം മുതലാണ്. ജീവനക്കാരുടെ വേതനം, കംപോസ്റ്റിക് ടോണിക് വാങ്ങിയതിന്റെ ചെലവ്, ഉത്പാദിപ്പിക്കുന്ന വളം ശേഖരിച്ചതിന്റെ ചെലവ് ഉൾപ്പടെ 2019-20-ൽ 88674 രൂപയും 2020-21-ൽ 81000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഉത്പാദിപ്പിക്കുന്ന വളം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും കൃഷി ഓഫീസർ കൺവീനറായ പർച്ചേസിംഗ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/16.03.21) മറുപടിയായി വളത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനായി അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയ്ക്ക് അയച്ചുവെങ്കിലും പരിശോധനാ ഫലം നാളിതുവരെ ലഭിച്ചില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായി ജൈവവളം വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും മാലിന്യ സംസ്കരണ പ്ലാന്റിൽ ലഭ്യമായ വളം ഉപയോഗപ്പെടുത്തിയില്ല. വളത്തിന്റെ ഗുണമേൻമാ പരിശോധനാ ഫലം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ജൈവവളം പഞ്ചായത്തിന്റെ കാർഷിക പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനാവശ്യമായ മെഷീനറി വാങ്ങുന്നതിന് 1089250 രൂപയും(172/18), അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടവും, അനുബന്ധ സൗകര്യവും നിർമ്മിക്കുന്നതിന് 1600000 രൂപയും(173/18) വകയിരുത്തി 2017-18 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. ഈ പ്രോജക്ടുകൾ സ്പിൽ ഓവറായി 2019-20 വർഷവും തുടരുകയാണ് (204/19, 174/19). മെഷീനറി വാങ്ങുന്നതിന് ക്ലീൻ കേരള കമ്പിനിയുമായി 2017-18 വർഷം തന്നെ കരാറിലേർപ്പെട്ടെങ്കിലും മെഷീനറി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പർച്ചേസ് ഓർഡർ നൽകിയിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും, 31.03.18-ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. 2019-20 വർഷം 940200 രൂപയുടെ പാർട്ട് പേയ്മെന്റ് നൽകിയിട്ടുമുണ്ട്.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽനിന്നും 10 ലക്ഷവും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10.28 ലക്ഷവും, ജില്ലാപഞ്ചായത്തിൽനിന്നും 5 ലക്ഷവും ഉൾപ്പടെ ആകെ 25.23 ലക്ഷം രൂപ ലഭിച്ചതിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 9.40 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇലവുംതിട്ട മാർക്കറ്റിന് സമീപത്തായാണ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നത്. പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഷ്രഡ്ഡിംഗ് യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കി മെഷീനറികൾ സ്ഥാപിച്ച് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് സാധിച്ചിട്ടില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകളും ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുകയാണ്. പരിസ്ഥിതിക്ക് ഭീഷണിയായി മാറിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനമില്ലാതെ ഹരിതകേരളമിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം പൂർണ്ണമാകുകയില്ല എന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിക്കുന്നതിൽ കാലതാമസം

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും കെൽട്രോൺ ഉപകരണങ്ങൾ പൂർണ്ണമായി നൽകിയിട്ടില്ല.

കൃഷി ഭവന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി CPRCS സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ജനറേറ്റ് ചെയ്ത പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് തുക മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൾട്ടി ഫങ്ഷൻ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | ബിൽ നം/ തീയതി | ഉപകരണങ്ങൾ ലഭിച്ച തീയതി |
|---|---|---|---|
| Desktop Intel Processor Medium End Windows 10 | 40129 | 230/20.12.19 | 17/03/2020 |
| A4 Multi Function Printer, Mediun End, Type- Printer/Copier/Scanner | 14726 | 230/20.12.19 | നാളിതുവരെ ലഭിച്ചില്ല |
| 1KVA UPS | 22580 | 264/22.10.2020 | 17/03/2010 |
| | 77435 | | |

ഉപകരണങ്ങളുടെ ടാക്സ് ഇൻവോയ്സ് കെൽട്രോൺ നാളിതുവരെ നൽകിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/18.03.2021)പ്രിന്റർ കൂടി ലഭിക്കുന്ന മുറയ്ക്ക് ബിൽ ഹാജരാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. കൈമാറിക്കിട്ടിയ സ്ഥാപനത്തിന് സുഗമമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടത് അത്യാവശ്യമായതിനാൽ കെൽട്രോണിൽ നിന്നും പ്രിന്റർ ലഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഒരുമ പ്രോജക്ട്; ചെലവിന്റെ കൃത്യത ഉറപ്പാക്കാനുതകുന്ന രേഖകളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ഒരുമ' പ്രോജക്ടിന്റെ ഭാഗമായി 2019-20 വർഷം ഒരു ലക്ഷം രൂപ കോസ്റ്റ്ഫോർഡിന് നൽകി. പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക നൽകിയത്.

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പാതിവഴിയിൽ നിലച്ച പട്ടികജാതി വിഭാഗക്കാരുടെ 22 ഭവനങ്ങളുടെ പൂർത്തീകരണ പ്രവൃത്തികൾ പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ കോസ്റ്റ്ഫോർഡ് മുഖേന നടപ്പിലാക്കുകയുണ്ടായി. "ഒരുമ" എന്ന പേരിട്ട ഈ പ്രോജക്ട് പ്രകാരം പട്ടിക ജാതി വകുപ്പിൽ നിന്നും 4366700 രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയാണ് നിർമ്മാണം നടത്തുന്നത്. ഈ തുക പര്യാപ്തമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് 950000 രൂപ കൂടി പ്രോജക്ടിൽ(49/18) വകയിരുത്തിയിട്ടുണ്ടെന്നും ഈ തുക കോസ്റ്റ്ഫോർഡിന് കൈമാറാൻ അനുമതിയ്ക്കുമായി കോർഡിനേഷൻ സമിതിയെ സമീപിക്കുകയും 02/05/2018-ലെ 4-9 നമ്പർ തീരുമാന പ്രകാരം യൂണിറ്റ് ചെലവ് സംബന്ധിച്ച ലൈഫ് മിഷൻ മാനദണ്ഡം പാലിക്കണമെന്ന നിബന്ധനയോടെ ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തുക കോസ്റ്റ്ഫോർഡിന് കൈമാറുന്നതിന് അനുമതി നൽകിയിരുന്നു. 2018-19 വർഷം വി.ഇ.ഒ, നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് ടി തുക കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം പൂർത്തീകരിക്കാത്ത പദ്ധതികളുടെ പൂർത്തീകരണം (ഒരുമ), 47/2020 നമ്പർ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 1 ലക്ഷം രൂപ കോസ്റ്റ്ഫോർഡിന് നൽകിയിട്ടുണ്ട്(220/03.12.19). ഈ തുക നൽകുന്നതിന് ആധാരമായി സൂക്ഷിച്ചിരിക്കുന്ന രേഖ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 05/09/2019-ലെ ഡി-2562/17നമ്പർ നടപടിക്രമമാണ്. ഇതനുസരിച്ച് ഒരുമ പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിന് പദ്ധതി തുകയായ 4366700രൂപയ്ക്ക് പുറമേ ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ടുന്ന 556030രൂപ അനുവദിക്കുന്നതിന് അനുമതി നൽകി പട്ടികജാതി വികസന ഡയറക്ടർ ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ ടി തുക 2019-20 വർഷത്തെ 2225-01-800-57 കോർപ്പസ് ഫണ്ട്(പി) എന്ന ശീർഷകത്തിൽ നിന്നും കോസ്റ്റ് ഫോർഡിന്റെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 556030 രൂപ കോസ്റ്റ്ഫോർഡിന് നൽകുന്നതിനുള്ള അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തുക നൽകിയതിന്റെ കാരണം

ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(18/18.03.19) നൽകിയ മറുപടിയിൽ പട്ടികജാതി വികസന ഓഫീസറുടെ 05/09/2019-ലെ ഡി-2562/17നമ്പർ ഉത്തരവ് പ്രകാരം ജി.എസ്.ടി ഇനത്തിൽ 556030 രൂപ ഒടുക്കേണ്ടതുണ്ടെന്നും ടി തുക കോസ്റ്റ്ഫോർഡിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചതനുസരിച്ച് 2019-20 വർഷം വകയിരുത്തിയ തുക കൈമാറുകയാണുണ്ടായത് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. തുക നൽകണമെന്ന് കോസ്റ്റ്ഫോർഡ് രേഖാമൂലം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ല. ഒരുമ പദ്ധതി സംബന്ധിച്ച രേഖകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിലില്ല. പ്രോജക്ട് ഫയൽ കോസ്റ്റ് ഫോർഡിന്റെ കൈവശമാണ്.

നിർമ്മാണം പാതിയിൽ നിലച്ചുപോയ പട്ടികജാതി വിഭാഗം വീടുകളുടെ പൂർത്തീകരണത്തിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഒരു മാതൃക പദ്ധതിയാണ് ഒരുമ. ആയതിനാൽ തന്നെ പദ്ധതി ചെലവുകളുടെ കൃത്യത ഉറപ്പാക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ചെലവിന്റെ കൃത്യത ഉറപ്പാക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-21 പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ ദിവസവേതന ജീവനക്കാരൻ തുടരുന്നു

ഗ്രാമപഞ്ചായത്തിലെ പറയങ്കര ദേശീയ ഗ്രന്ഥശാലയിലെ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരുന്ന ശ്രീ.പി.എൻ. ശശിധരൻ മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31/08/2019-ലെ 7ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.ആർ.ജയദേവൻ എന്നയാളെ ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാൾ ഇപ്പോഴും ദിവസ വേതനത്തിൽ സേവനത്തിൽ തുടരുന്നതായി കാണുന്നു. സ.ഉ(എം.എസ്)74/2019/ത.സ്വ.ഭ.വ തീ.27/6/19 നമ്പർ ഉത്തരവ് പ്രകാരം പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങളിൽ ലൈബ്രേറിയൻ തസ്തികയിൽ ഒഴിവുണ്ടായാൽ SSLC Or Equivalent, A Certificate In Library Science Issued By Board Of Public Examination Or Its Equivalent, A Certificate In Library Science Issued By Kerala Grandasala Samkham Or Its Equivalent എന്നീ യോഗ്യതയുള്ളവരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. ഇതിന് പകരം ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരനെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/18.03.21) മറുപടിയായി ശ്രീ.പി.എൻ.ശശിധരന്റെ ആശ്രിതർക്ക് നിയമനം നൽകേണ്ടി വരുന്ന സാഹചര്യത്തിലാണ് ഓണറേറിയം വ്യവസ്ഥ ഒഴിവാക്കി മുൻസിപ്പൽ ലൈബ്രേറിയൻ തസ്തികയിൽ റിട്ടയർ ചെയ്ത ജീവനക്കാരന് താത്കാലിക നിയമനം നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആശ്രിത നിയമനത്തിന്റെ വ്യവസ്ഥകൾ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരൻ സർവ്വീസിൽ ഇരിക്കെ മരിച്ചാൽ ആശ്രിതർക്ക് അർഹതയ്ക്കനുസരിച്ച് സബോർഡിനേറ്റ് സർവ്വീസ് , ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് എന്നിവയിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ നിയമനത്തിന് അർഹതയുണ്ടായിരിക്കും. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആശ്രിതർക്ക് പാർട്ട് ടൈം തസ്തികയിൽ മാത്രമേ ആശ്രിത നിയമനത്തിന് അർഹതയുള്ളു എന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായി ബന്ധപ്പെട്ട് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 അനുബന്ധ രേഖകൾ സൂക്ഷിക്കാതെ 2017-18 വർഷത്തെ പത്രപ്പരസ്യ ചെലവ് നൽകി

2017-18 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകൾക്കായി പത്രപ്പരസ്യം നൽകിയതിന്റെ ചെലവ് എന്ന് കാണിച്ച് 17/11/19-ലെ 21900632 എന്ന വൗച്ചർ പ്രകാരം 46431 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക നൽകിയ സ്ഥാപനം | ബില്ലിന്റെ വിശദാംശം | നൽകിയ തുക |
|---|---|---|
| ദേശാഭിമാനി പബ്ലിക്കേഷൻ | Invoice Ktm/2017/08/10606<br>തീ 29/08/2017 | 4536 |
| " | Ktm/2017/09/11577/06.09.2017 | 12096 |
| | | 16632 |
| മലയാള മനോരമ | Kl0194048050/05.08.2017 | 12642 |
| " | Kl0194238018/21.01.2018 | 6005 |
| " | Kl0194082570/29.08.2017 | 4289 |
| | | |

| | | |
|---|---|---|
| " | Kl0194191660/28.11.2017 | 6863 |
| | | 29799 |

2017-18 വർഷത്തെ പത്രപ്പരസ്യം ചെയ്തതിന്റെ തുകയാണ് Plan Formulation, Monitoring And Evaluation എന്ന ഹെഡിൽ ചെലവ് ചെയ്തിരിക്കുന്നത്. എന്നാൽ 2019-20 വർഷത്തെ ചെലവ് അല്ലാത്തതിനാൽ സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിൽ ടി ചെലവ് ഉൾപ്പെട്ടിട്ടുമില്ല. ഈ തുക മുൻ വർഷങ്ങളിൽ നൽകിയിട്ടില്ല എന്നുറപ്പാക്കുന്നതിന് ആവശ്യമായ രേഖകളും ഹാജരാക്കിയില്ല. 2017-18 വർഷത്തെ ബാലൻസ് ഷീറ്റിൽ ഈ തുക ലയബിലിറ്റി ആയി കാണിക്കാത്ത സാഹചര്യത്തിൽ ഈ ചെലവിന്റെ സാധുത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യമാണ്. 23/10/2019-ലെ 1/2 നമ്പർ തീരുമാനപ്രകാരം ചെലവ് അംഗീകരിച്ച് തൻ വർഷത്തെ പദ്ധതി നിർവ്വഹണ ചെലവിൽ നിന്നും തുക നൽകാൻ കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/18.03.21) മറുപടിയായി ഈ തുക മുൻവർഷങ്ങളിൽ നൽകിയിട്ടില്ലെന്നും തനത് ഫണ്ട് വകയിരുത്തുന്ന പ്രോജക്റ്റുകൾക്ക് Liability Head ഇല്ലാത്തതിനാലാണ് ടി തുക ലയബിലിറ്റിയായി കാണിക്കുവാൻ പറ്റാതിരുന്നത് എന്നും മറുപടി നൽകി. പ്രൊവിഷൻ നൽകി ഈ തുകകൾ ലയബിലിറ്റിയിലേയ്ക്ക് കൊണ്ടുവരാമായിരുന്നു എന്നിരിക്കെ ഈ മറുപടി പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയില്ല. ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു

## 1-23 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

| പ്രോജക്റ്റ് നമ്പർ | 44/20 | 41/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത (എസ്.സി.പി. ) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത(ജനറൽ), |
| വകയിരുത്തിയ തുക | വികസന ഫണ്ട് (SCP)-240000 | വികസന ഫണ്ട് (ജനറൽ)-200000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000<br>ജില്ലാ പഞ്ചായത്ത് വിഹിതം-100000 |
| ചെലവു തുക | 18000 Bill No.4 Dtd.30.08.19<br>3000 Bill No.11 Dtd.20.10.19<br>61500 Bill No.14 Dtd.18.03.20 | 119400 Bill No.5 Dtd.30.08.18<br>19900 Bill No.12 Dtd.26.10.19<br>60700 Bill No.15 Dtd.18.03.20<br>100000 Bill No.19 Dtd.30.03.20<br>100000 Cheque No.1672876 Dtd.20.03.20 |

വിവിധ തരത്തിലുള്ള ശാരീരിക മാനസിക വൈകല്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 26 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമായത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1. | അഭിരാജ് |
| 2. | ദിവ്യ രാജ് ത്യാഗരാജൻ |
| 3. | ദീപക് എസ്. |
| 4. | നിമിത് ജോഷ് അനിൽ |
| 5. | അർജുൻ സുരേഷ് |
| 6. | അലൻ കോശി ജേക്കബ് |
| 7. | ലാൽജി പണിക്കർ |
| 8. | ദർശന എസ്. |
| 9. | വിഷ്ണു സജി |
| 10. | സജി രാജു |
| 11. | ഡോണി എബ്രഹാം |
| 12. | അനഘാ ഉണ്ണി |
| 13. | അനൂപ് സജി |

അപാകത ശ്രദ്ധയിൽപ്പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (13/17.03.2021)മേൽ സൂചിപ്പിച്ച 13 ഗുണഭോക്താക്കളും സ്കോളർഷിപ്പിന് പൂർണ്ണമായും അർഹരാണെന്നും അടുത്ത ഗ്രാമസഭയിൽ ടി ഗുണഭോക്താക്കളെ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997 – ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തശേഷം പിന്നീടുള്ള ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ചതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിശദ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർബന്ധമായി സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ്, സ.ഉ.(സാധ) നം.2465/2016 ത.സ്വ.ഭ.വ. തീയതി 17.08.2016 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമൊരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (14/17.03.2021) വരും വർഷങ്ങളിൽ അപാകത പരിഹരിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

കൂടാതെ പഞ്ചായത്ത് വകയിരുത്തുന്ന തുകയ്ക്ക് പുറമേ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം എത്രവേണമെന്ന് കണക്കാക്കേണ്ടതും, സാമ്പത്തിക വർഷാരംഭത്തിൽ സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിൽ നടത്തുന്ന ത്രിതല പഞ്ചായത്തുകളുടെ സംയുക്ത യോഗത്തിൽ പങ്കെടുത്ത് മതിയായ വിഹിതം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത പദ്ധതിയിലൂടെ പരമാവധി ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ പരമാവധി ആനുകൂല്യം ലഭിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2019-20സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. )നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് 466403 രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | അടച്ച തുക | ലഭ്യമായ | ലഭിക്കാൻ |
|---|---|---|---|

| നം | | മരുന്നിന്റെ വിവരം | ബാക്കിയുള്ളത് |
|---|---|---|---|
| 1 | 250000 (8/27.11.19) | 74602 | 175398 |
| 2 | 126590(ചെക്ക് നം.19428 തീയതി 16.03.2020) | 40269 | 86321 |
| 3 | 89813(ചെക്ക് നം. 19429 തീയതി 16.03.2020) | 66890 | 22923 |
| | 466403 | 181761 | 284642 |

284642 രൂപയുടെ മരുന്നുകൾ ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ രോഗികൾക്ക് ഏറ്റവും അവശ്യവും അത്യന്താപേക്ഷിതവുമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

2019-20 സാമ്പത്തിക വർഷം ക്ഷീരകർഷകർകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഡയറി എക്സ്റ്റൻഷൻ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതിക്കായി വികസന ഫണ്ടും ബ്ലോക്ക്പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെയാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാതിരുന്നതും ബ്ളോക്ക്പഞ്ചായത്ത് വിഹിതം പൂർണ്ണമായി ലഭിക്കാതിരുന്നതും പദ്ധതി നിർവഹണത്തെ പ്രതികൂലമായി ബാധിച്ചു. പദ്ധതിയിലുൾപ്പെട്ട ജനറൽ, വനിതാ വിഭാഗത്തിർപ്പെട്ട 141 ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 48/20 പാലിന് സബ്സിഡി നൽകൽ (ജനറൽ) | 503580 | 283580 | 60 | 2019 ഡിസംബർ വരെ മാത്രം സബ്സിഡി നൽകി |
| 53/20 പാലിന് സബ്സിഡി നൽകൽ (വനിത) | 416420 | 216420 | 81 | 2019 നവംബർ വരെ മാത്രം സബ്സി നൽകി |

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി പരമാവധി 1 വർഷം 40000/- രൂപ നൽകാമെന്നിരിക്കെ 2019 ആഗസ്റ്റ് മാസം വരെ 3 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയത്. മാത്രവുമല്ല 2019-20 വർഷം പൂർണ്ണമായി ആനുകൂല്യം നൽകാനും ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം നിഷേധിക്കുന്നത് കർഷകരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അർഹമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

മെഴുവേലി ഗ്രാമപഞ്ചായത്തിൽ 150 ഹെക്ടർ കൃഷി സ്ഥലമുള്ളതിൽ 15 ഹെക്ടറിൽ നെൽകൃഷിയും 87 ഹെക്ടറിൽ മറ്റു കൃഷികളും ചെയ്തുവരുന്നു.

തരിശു കിടക്കുന്ന 48 ഹെക്ടർ കൃഷി ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (8/16.03.21) അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ തരിശുനിലം നെൽകൃഷിക്കും മറ്റ് കൃഷികൾക്കും ഉപയോഗിക്കാൻ കഴിയുമെന്ന് കൃഷിവകുപ്പും മറ്റ് അനുബന്ധവകുപ്പുകളും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട് എന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. പാടശേഖരങ്ങൾ പുനരുദ്ധരിച്ചും തോട്, കനാൽ, കുളം എന്നീ ജലസേചനമാർഗ്ഗങ്ങൾ നവീകരിച്ചു് ജലലഭ്യത ഉറപ്പുവരുത്തിയും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. പാടസേഖരസമിതികളടെ സഹകരണത്തോടെ 2021-22 ൽ നെൽകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 ഷീ ഓട്ടോ പദ്ധതി (SC) -ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2019-20-വർഷം വനിതാഘടകപദ്ധതിയിലുൾപ്പെടുത്തി ഷീ ഓട്ടോ **(**പ്രോജക്ട് നമ്പർ 68/20) എന്ന പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. വികസനഫണ്ട്(എസ്.സി.പി) 8,00,000/- രൂപയും ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ 16,00,000/- രൂപയും ഉൾപ്പെടെ 24,00,000/- രൂപയാണ് പദ്ധതിക്ക് വകയിരുത്തിയത്. ഷീ ഓട്ടോ പദ്ധതിക്ക് വിവിധ വാർഡുകളിലായി 46 വനിതാ ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടും തുക ചെലവഴിക്കാതിരുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/12.03.21) മറുപടിയായി ഡ്രൈവിംഗ് ലൈസൻസ് ലഭ്യമായ വനിതകൾക്ക് ബാങ്ക് ലോൺ ലഭിക്കാതിരുന്നതിനാൽ പദ്ധതി തുടരാനായില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി തയ്യാറാക്കിയതു മൂലം ഈ പദ്ധതി കൊണ്ട് ഗ്രാമപഞ്ചായത്തിന് ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണത്തിലെ പോരായ്മകളാണ് ഇത്തരം പദ്ധതികൾ വിജയിക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം. വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം ഇത്തരം പദ്ധതികൾ ലക്ഷ്യമിടേണ്ടത്. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ- നീക്കിയിരിപ്പ് തുകകൾ തിരികെ ഈടാക്കിയിട്ടില്ല

വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ഭൂജലവകുപ്പ് എന്നിവിടങ്ങളിൽ നിന്നും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ പൂർത്തീകരണശേഷവും നീക്കിയിരിപ്പ് തുക ടി ഏജൻസികളിൽ നിന്നും തിരികെ വാങ്ങിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഏജൻസി | പൂർത്തീകരിച്ച പ്രവൃത്തികൾക്കായി നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | പൂർത്തീകരണ സാക്ഷ്യപത്രം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിച്ച തീയതി |
| മെഴവേലി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 2017-18 | വാട്ടർ അതോറിറ്റി | 854924 | 719924 | 135000 | 17.07.2019 |
| മെഴവേലി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 2016-17 | വാട്ടർ അതോറിറ്റി | 1073000 | 907616 | 165384 | 24.05.2018 |
| കുറവൻപ്ലാക്കൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ഭൂജലവകുപ്പ് | 50000 | 29678 | 20322 | 24.05.2016 |
| തോണ്ടിയാമോടി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ഭൂജലവകുപ്പ് | 30000 | ഉപഭോക്താക്കളുടെ എതിർപ്പ് മൂലം പദ്ധതി നടന്നില്ല | 30000 | |
| അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ | പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, | 324000 | 280189 | 43811 | 26/02/19 |
| | | | | 394517 | |

ടി തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/18.03.21) തുക തിരികെ വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. 394517/-രൂപ തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-30 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ രേഖകൾ ലഭിച്ചിട്ടില്ല</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂറായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി അവസാനിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | മുൻകൂറായി നൽകിയ തുക | ബിൽ നം/ തീയതി | തുക നൽകിയ സ്ഥാപനം | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|---|
| സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, 12/2020 | 40120 | 110/14.10.19 | കെ.എസ്.ഇ.ബി | 31/03/2020 |
| | 54280 | 212/03.12.19 | | |
| | 8260 | 111/14.10.19 | | |
| പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 23/19 | 400000 | 249/15.01.2020 | വാട്ടർ അതോറിറ്റി | 30/12/2020 |
| എ.ബി.സി. | 100000 | 154/28.10.19 | കുടുംബശ്രീ | എഗ്രിമെന്റ് |

| | | | | | |
|---|---|---|---|---|---|
| പ്രോഗ്രാം | | | ജില്ലാ മിഷൻ കോർഡിനേറ്റർ | വയ്ക്കാതെ തുക നൽകി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/18.03.2021) മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. വാട്ടർ അതോറിറ്റിയിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത 40 ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാനും പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിനും ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-31 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി)-പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 85/2020 |
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - എസ്.സി.പി |
| അടങ്കൽ | 300000(വികസനഫണ്ട്-എസ്.സി.പി)+100000(തനത് ഫണ്ട്) |
| ചെലവ് | 300000(വികസനഫണ്ട്-എസ്.സി.പി)+50000(തനത് ഫണ്ട്) |
| ബിൽ നം/ ചെക്ക് നം/ തീയതി, തുക | 9/19-20/25.02.2020 , 300000<br>19455/26.03.2020, 50000 |

എക്സി.എഞ്ചിനീയർ (പി.എച്ച്. ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട) തയ്യാറാക്കിയ 350000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 25.02.2020-ൽ 300000 രൂപ വികസന ഫണ്ടിൽ നിന്നും 26.03.2020-ൽ 50000രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിട്ടുള്ളത് 15/09/2020-ൽ മാത്രമാണ്. കരാറിലേർപ്പെടാനുണ്ടായ കാലതാമസം സംബന്ധിച്ച് നൽകിയ എൻക്വയറിയിൽ (3/12.03.21) കോവിഡ് വ്യാപന പശ്ചാത്തലത്താലാണ് കരാർ വയ്ക്കുവാൻ താമസം വന്നതെന്നും 2020 ഡിസംബർ 25ന് ആരംഭിച്ച് 2021 മാർച്ച് 31 ന് പൂർത്തിയാക്കുന്ന രീതിയിലാണ് കരാർ ചമച്ചിട്ടുള്ളതെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും പൈപ്പുകളുടെ ലഭ്യതക്കുറവ് മൂലമാണ് പദ്ധതി വൈകുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-32 പൊതുമരാമത്ത് പ്രവൃത്തികൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ആകെ 118 പൊതു മരാമത്ത് പ്രവൃത്തികളിൽ 78 പ്രവൃത്തികൾ മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്(66%). ഇതിൽ 36 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. നടപ്പാക്കിയതിൽ 55 (71%) പ്രവൃത്തികളും തൻ വർഷം 200000 രൂപയ്ക്ക് താഴെ മാത്രം അടങ്കലുള്ളതായിരുന്നു. വാർഡ് വിഭജനമെന്ന കാഴ്ചപ്പാടോട് കൂടി ചെറിയ അടങ്കലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതി ബാഹുല്യം മൂലം യഥാസമയം പദ്ധതികൾ നടപ്പാക്കുന്നതിലും പ്രവർത്തനങ്ങൾ മോണിട്ടറിംഗ് ചെയ്യപ്പെടുന്നതിലും പൂർത്തീകരിച്ച് പ്രതിഫലം നൽകുന്നതിലും കാലതാമസം നേരിടുന്നുണ്ട്. ഇത് വരും വർഷത്തേക്ക് പദ്ധതികൾ സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് ലാപ്സാകുന്നതിനും കാരണമാകുന്നു. ചെറുതും ശരിയായ രീതിയിലല്ലാത്ത വികസനം അടിസ്ഥാനമാക്കാത്തതുമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പകരം ഫല പ്രാപ്തിയുള്ളതും ദീർഘകാലത്തേക്ക് ഉപയുക്തമാകുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ പൂർത്തീകരണ കാലയളവ്/തീയതി രേഖപ്പെടുത്തിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടുള്ള പ്രവൃത്തികളിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. പൂർത്തീകരണ കാലയളവ്/തീയതി ഉൾപ്പെടുത്താത്തതിനാൽ ഫൈൻ കണക്കാക്കിയിട്ടുള്ളതിന്റെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് | ആരംഭിച്ച തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കിയ ഫൈൻ |
|---|---|---|---|---|---|---|
| 1 | 38, കുട് വെട്ടിക്കൽ തവിട്ട് പൊയ്യ റോഡ് പുനരുദ്ധാരണം | 250000 | 248795 | 7.11.2018 | 30.04.2019 | 1 % |
| 2 | 201/19-20 തലത്തായിപ്പടി വടക്കേച്ചരുവിൽ റോഡ് പുനരുദ്ധാരണം | 100000 | 99880 | 11.06.2019 | 01.01.2020 | 1% |

ഫൈൻ ഈടാക്കാത്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചവ തന്നെയാണോ എന്ന് ഉറപ്പ് വരുത്താനും സാധിച്ചിട്ടില്ല. ടി. വിഷയം നിർവ്വഹണോദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 അഗതി രഹിത കേരളം - പദ്ധതി അവലോകനം

അഗതി രഹിത കേരളം പദ്ധതിക്ക് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ മുഖേന വികസന ഫണ്ട് , ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ ചെയർ പേഴ്സണിന്റെയും മെമ്പർ സെക്രട്ടറിയുടേയും പേരിലുള്ള അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം. 37692408767) 12.07.2019 ൽ വികസന ഫണ്ട് ഇനത്തിൽ നിന്നും 500000രൂപയും 30.03.2020 – ൽ ബ്ലോക്ക് വിഹിതം 50000 രൂപയും ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 25/2020 |
| പ്രോജക്ടിന്റെ പേര് | അഗതി രഹിത കേരളം(ജനറൽ) |
| അടങ്കൽ | 400000(വികസനഫണ്ട്-ജനറൽ)+50000(ബ്ലോക്ക് വിഹിതം)+ 100000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 400000(വികസനഫണ്ട്-ജനറൽ)+50000(ബ്ലോക്ക് വിഹിതം) |
| ബിൽ നം/ തീയതി | |

| | |
|---|---|
| പ്രോജക്ട് നം | 29/2020 |
| പ്രോജക്ടിന്റെ പേര് | അഗതി രഹിത കേരളം (എസ്.സി.പി) |
| അടങ്കൽ | 100000(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | 100000 |
| ബിൽ നം/ തീയതി | |

അഗതി രഹിത കേരളം (ജനറൽ) പദ്ധതിയിൽ ഭവന നിർമ്മാണം, ആരോഗ്യ പ്രവർത്തനങ്ങൾ, മറ്റ് സേവന പ്രവർത്തനങ്ങൾ എന്നിവയും അഗതി രഹിത കേരളം (എസ്.സി.പി) പദ്ധതി പ്രകാരം ആരോഗ്യ പ്രവർത്തനങ്ങളും സേവന പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിരുന്നത്. 2019-20 ലെ ചെലവ് സംബന്ധമായ വൗച്ചറുകൾ പരിശോധിച്ചതിൽ ഭക്ഷണ വിതരണത്തിനായി 396806 രൂപയും ഭവന പുനരുദ്ധാരണത്തിന് ഒരു ഗുണഭോക്താവിന് മുൻകൂർ ആയി 30000 രൂപ നൽകുകയും മാത്രമാണുണ്ടായത്. മറ്റ് ആവശ്യമായ മേഖലകളിലൊന്നും ധനസഹായം ലഭ്യമാക്കുകയുണ്ടായില്ല. മുൻ വർഷത്തെ റിപ്പോർട്ടിൽ ഖണ്ഡിക നം 3-7 ൽ ടി. വിഷയം സംബന്ധിച്ചുള്ള പരാമർശം ഉൾപ്പെട്ടിരുന്നതുമാണ്. എന്നാൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടില്ല. 30.03.2020 ൽ പാസ്സ് ബുക്ക് പ്രകാരം 1875896 രൂപ നീക്കിയിരിപ്പുണ്ട്. മതിയായ നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നുള്ളത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വികസനഫണ്ട് എസ്.സി.പി വിഹിതം

പദ്ധതിയിൽ വകയിരുത്തിയത് ടി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങളിൽ ഉചിതമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഹരിത കർമ്മസേന-പദ്ധതി അവലോകനം

| | |
|---|---|
| പ്രോജക്ട് നം | 84/2020 |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവും ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകലും |
| അടങ്കൽ | 25562(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 21957(ഹരിത സഹായ സ്ഥാപനത്തിന്റെ വിഹിതം) |

| | |
|---|---|
| പ്രോജക്ട് നം | 165/2020(202/2019) |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവും ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകലും |
| അടങ്കൽ | 64066(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 36116(വയബിലിറ്റി ഗ്യാപ് ഫണ്ട്) |

മേൽ പ്രോജക്ടുകളിലായി ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് , ഹരിത സഹായ സ്ഥാപനത്തിന് വിഹിതം എന്നിവ നൽകിയിട്ടുണ്ട്.ഹരിത കർമ്മ സേനയുടെ വരവ് ചെലവ് കണക്കുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്തുകയുണ്ടായി.

28.07.2017 മുതൽ പഞ്ചായത്തിൽ ഹരിത കേരളം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ തുടങ്ങുകയും ഹരിത കർമ്മ സേന രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ ഹരിത കർമ്മ സേനാ പ്രവർത്തനം യൂസർ ഫീസ് കളക്ഷനിൽ മാത്രം ഒതുങ്ങുന്നു, എല്ലാ വാർഡുകളിൽ നിന്നും കൃത്യമായി യൂസർ ഫീസ് പിരിക്കുന്നില്ല. 2019 ജൂലൈ, ഒക്ടോബർ മാസങ്ങളിൽ യൂസർ ഫീസ് പിരിച്ചെടുത്തിട്ടില്ല. സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ മറ്റ് മാസങ്ങളെ അപേക്ഷിച്ച് യൂസർ ഫീസ് കളക്ഷൻ വളരെ കുറവുമാണ്. ഹരിത കർമ്മ കൺസോർഷ്യത്തിന്റെ ക്യാഷ് ബുക്ക് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ പ്രകാരം യൂസർഫീസ് ഇനത്തിൽ തൻവർഷം 117420 രൂപ പിരിച്ചെടുക്കുകയും 95974 രൂപ ഹരിത കർമ്മസേനാംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. യൂസർ ഫീസ് ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും സംരഭകത്വ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഹരിത കർമ്മ സേന നടപടികൾ സ്വീകരിച്ചിട്ടില്ല.

ഹരിത സഹായ സ്ഥാപനമായ ക്രിസ്റ്റ് ഗ്ലോബലിന് വിഹിതം ആയി 21957 രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ 24.08.2019ൽ നടന്ന അവലോകന യോഗത്തിന്റെ മിനിട്ട്സിൽ ക്രിസ്റ്റ് ഗ്ലോബലിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം , ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ , ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും,കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു.

5.01.2019ൽ ഹരിത കർമ്മ കൺസോർഷ്യം രൂപീകരിക്കുകയും 30.04.2019 ൽ കൺസോർഷ്യത്തിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ടെങ്കിലും കൺസോർഷ്യത്തിന്റെ ചുമതല നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഹരിത സംരംഭകരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയവയൊന്നും കൺസോർഷ്യത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണെങ്കിലും മിനിട്ട്സ്ബുക്ക് മാത്രമാണ് നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയോ സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിട്ടർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 68000 | 15/2020നെൽകൃഷി വികസനം(ജനറൽ) | 10625 | 57375 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 800000 | 27/2020ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി | 0 | 800000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | 35/2020 അനുപൂരക പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | 41/2020 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | 41/2020 ശാരീരിക മാനസിക വെല്ലുവിളി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 649000 | 80/2020 ഗ്യാസ് ക്രിമറ്റോറിയം | 646960 | 2040 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 43/2020ലൈഫ് ഭവന പദ്ധതി | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | 48/2020 പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | 53/2020 പാലിന് സബ്സിഡി(വനിത) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50000 | 25/2020 അഗതി രഹിത കേരളം | 50000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികളുടെ വിശദാംശം

| തുക നൽകിയ സ്ഥാപനം | പ്രോജക്റ്റിന്റെ വിശദാംശം | മുൻകൂറായി നൽകിയ തുക | ബിൽ നം/ തീയതി | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, 12/2020 | 40120 | 110/14.10.19 | 0 | 40120 |
| | | 146438 | 211/03/12/19 | 146438 | 0 |
| | | 54280 | 212/03.12.19 | 0 | 54280 |
| | | 8260 | 111/14.10.19 | | 8260 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 23/19 | 400000 | 249/15.01.2020 | 0 | 400000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്.സി.പി), 85/20 | 350000 | 09/19-20 തീയതി 25.02.20 19455/26.03.2020 | 0 | 350000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് പ്രോജക്ടിനായി പഞ്ചായത്തിന് 340997 രൂപ വായ്പ ലഭിച്ചിട്ടുണ്ട്.

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(പി) നം. 90/2019/ തസ്വഭവ തീയതി 05/04/2019,28/10/2019 | 830716 | 830716 | 132353 | | 698363 |

.

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 | 2013-14 | 5.3,5.6 | മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 3-11 | 2013-14 | 5.10 | ആട്ട ഗ്രാമം പദ്ധതി- തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു |

4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 59982487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49118386 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-20

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ. പി5/365/10 തീയതി 02.06.11/20.06.11 | 3 |
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി2/322/98 തീയതി 14.10.99/11.01.00 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി2/709/99 തീയതി 14.03.00 | 6 |
| 1998-99(ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി2/216/99/ തീയതി 08-03-00 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി2/864/01/ തീയതി 02-02-01 | 17 |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി2/230/02/ തീയതി 11-10-02 | 19 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/222/05/ തീയതി 11-08-05/ 14-10-05 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി3/339/04/ തീയതി 07-01-05 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/537/06/ തീയതി 15-09-06/09-02-07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6/894/08/ തീയതി 30-09-09 | 11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി5/365/10/ തീയതി 02-06-11 | 12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി5/939/11/ തീയതി 20-12-11 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി5/940/11/ തീയതി 19-12-11/5-6-13 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി5/380/12/ തീയതി 26-05-12/29-6-13 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി5/381/12/ തീയതി 26-05-12 | 2 |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി5/382/12/ തീയതി 26-05-12/10-6-13 | 3 |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി5/383/12/ തീയതി 26-05-12 | 3 |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി11/210/14 തീയതി 11-08-2014 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി11/1062/14 തീയതി | 8 |

| | | |
|---|---|---|
| | 05-11-2014 | |
| 2013-14<br>& 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/296/2016<br>തീയതി 23-03-2016 | 26 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1204/2016<br>തീയതി 17-11-2016 | 26 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/895/2017<br>തീയതി 27-07-2017 | 14 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/1404/2018<br>തീയതി 16-10-2018 | 21 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി.11/589/19<br>തീയതി:25.07.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്